# ജില്ലാ ട്രാഫിക് റെഗുലേറ്ററി കമ്മറ്റിയുടെ 2017 വർഷത്തെ ആദ്യ യോഗം നടത്തി

കേരള പോലീസ് ആക്ട് സെക്ഷൻ 72 പ്രകാരമുള്ള എറണാകുളം റൂറൽ ജില്ലാ ട്രാഫിക് റെഗുലേറ്ററി കമ്മറ്റിയുടെ 2017 വർഷത്തെ ആദ്യ യോഗം 10.02.2017 തീയതി ജില്ലാ പോലീസ് കോൺഫറൻസ് ഹാളിൽ വച്ച് ജില്ലാ ട്രാഫിക് റഗുലേറ്ററി കമ്മിറ്റി ചെയർപേഴ്സണും ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമായ ശ്രീമതി. ആശാ സനിലിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ ജില്ലാ പോലീസ് മേധാവിയെ പ്രതിനിധീകരിച്ച് നർക്കോട്ടിക് സെൽ ഡി വൈ എസ് പി, വി.കെ. സനിൽ കുമാർ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെൻെറ്, നാഷണൽ ഹൈവെ അതോറിട്ടി, റവന്യു, പൊതുമരാമത്ത് വകുപ്പ്, ട്രാഫിക് എന്നിവയുടെ പ്രതിനിധികൾ പങ്കെടുത്തു.

യോഗതീരുമാനപ്രകാരം മുളന്തുരുത്തി ഗവ: ഹൈസ്കൂളിന് മുൻവശം ഹമ്പ് വേണമെന്ന പരാതിയിന്മേൽ ബന്ധപ്പെട്ട PWD അധികാരികൾക്ക് ഹമ്പ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകുവാനും ലെയിൻ ട്രാഫിക്ക് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അനധികൃതമായി എൽ.ഇ.ഡി ലൈറ്റ് ഘടിപ്പിച്ചിരിക്കുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും, ആവശ്യമുള്ള സ്കൂളുകൾക്ക് സമീപം സീബ്ര ലൈൻ വരക്കുന്നതിനുവേണ്ട നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകുവാനും രണ്ട് മാസം കൂടുമ്പോൾ കമ്മിറ്റി കൂടുവാനും തീരുമാനിച്ചു.